സസ്പെൻറു ചെയ്യുകയും അവരുടെമേൽ ശിക്ഷണനടപടികളും എടുക്കുകയും ചെയ്തിട്ടുണ്ട്. പത്രത്തിൽ വരുന്ന പരാതികളെക്കുറിച്ച് കൺട്രോളർ തന്നെ നേരിട്ട് അന്വേഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനുമായി സഹകരിച്ചുകൊണ്ട് ജില്ലാ ലെവലിലുള്ളവർ പരിശീലനം കൊടുക്കാനുള്ള പരിപാടി ഇന്ന് ചെയ്യുന്നുണ്ട്. വൈസ്ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു ഗ്രീവൻസ് സെല്ല് ഏർപ്പെടുത്തിയിട്ടുണ്ട്.

സർ, ഇവിടെ പല ആരോപണങ്ങളെ സംബന്ധിച്ചും പറഞ്ഞു. ബി.എ. രണ്ടാം വർഷ പരീക്ഷയ്ക്കുള്ള ഉത്തര കടലാസ് ഓഫീസിലെ തൂപ്പുകാർ കടലാസ് കഷണങ്ങൾ കൊണ്ടുവന്ന് ഇടുന്ന സ്ഥലത്തുനിന്നും സെക്യൂരിറ്റി സ്റ്റാഫ് കണ്ടുപിടിച്ച് അധികൃതരെ ഏൽപ്പിച്ചെന്നു പറഞ്ഞു. ഇതിനെപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്. ഓഫീസ് മുറി അടിച്ച് വാരിയപ്പോൾ അതിൽ വീണ ഉത്തര കടലാസ് തൂപ്പുകാരി എടുത്ത് മാറ്റിയതാകാം. എന്തായാലും ഇതിനെപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്. കൂടുതലൊന്നും അതിനെപ്പറ്റി പറയുന്നില്ല. 1978 മാർച്ചിലെ പരീക്ഷാ കടലാസ്സാണ്. ഒരു ചീഫ് എക്സാമിനർ 6 മാസം ഉത്തരകടലാസ് സൂക്ഷിക്കണമെന്നും അതുകഴിഞ്ഞാൽ ലേലത്തിൽ വിൽക്കാമെന്നും ഉണ്ട്. അങ്ങനെ ലേലത്തിൽ വിറ്റ കടലാസ് ആയിരിക്കും പുറത്തുനിന്നും കിട്ടിയതെന്ന് വിശ്വസിക്കുന്നു.

സർ, ഈ അവസരത്തിൽ ഒരു പ്രമുഖ പത്രമായ ഹിന്ദു പരീക്ഷകളും സമയത്തിന് നടത്തുന്നതുമൂലം അച്ചടക്കത്തിന്റെ യുഗം കേരള സർവ്വകലാശാലയിൽ തുടങ്ങിയിരിക്കുന്നു എന്ന് അഭിപ്രായപ്പെട്ടത് ശരിക്കും ഫലപ്രദമാകട്ടെയെന്നും നിയമസഭയിൽ ഉയർന്നുവന്ന ആക്ഷേപങ്ങൾ സർവ്വകലാശാല ശരിക്കും ശ്രദ്ധിക്കുമെന്നും മാറ്റങ്ങൾ ഉണ്ടാകുമെന്നും ഞാൻ വിചാരിക്കുന്നു. അങ്ങനെ ഉണ്ടാകുന്നില്ലെങ്കിൽ സർവ്വകലാശാലയെപ്പറ്റി എന്ത് ചെയ്യണമെന്നുള്ള കാര്യം നമുക്ക് ആലോചിക്കാം.

The question that the University Laws (Amendment) Bill, 1978 be finally passed, was put and carried.

The Bill was finally passed.

V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 19-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

Mr. Deputy Speaker: The Report is adopted.

LIBRARY ARCHIVES Kerala Legislative Assembly